## കണ്ണൂർ വിമാനത്താവള പദ്ധതി പ്രദേശത്തുള്ള 18-ാം നമ്പർ തോട് പുനർനിർമ്മിക്കുന്നതിനു വേണ്ടി അധികമായി വേണ്ടി വരുന്ന ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിൻ മേൽ വിദഗ്ധസമിതിയുടെ

## ശുപാർശക്കുറിപ്പ്

**തീയ്യതി : 14.11.2016**

കണ്ണൂർ ജില്ലയിൽ കീഴല്ലൂർ പഞ്ചായത്തിൽ നിർമ്മാണം പൂർത്തിയായി വരുന്ന കണ്ണൂർ വിമാനത്താവള പദ്ധതി പ്രദേശത്ത് നിലവിലുള്ള 18-ാം നമ്പർ തോടിന്റെ വീതികൂട്ടുന്നതിനുവേണ്ടി വരുന്ന ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യാഘാതത്തെക്കുറിച്ച് കയ്റോസ് കണ്ണൂർ എന്ന ഏജൻസി നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗ്ധ സമിതി കണ്ണൂർ ജില്ലാ കലക്ടറുടെ 06.11.2018ലെ ഡിസികെഎൻആർ/6124/2018/സ7 നമ്പർ നടപടിക്രമ പ്രകാരം രൂപവൽക്കരിച്ചിരുന്നു. ഈ സമിതി 12.11.2018-ാം തീയ്യതി ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് മട്ടന്നൂരിലുള്ള സ്പെഷ്യൽ തഹസിൽദാർ (എൽ.എ) വിമാനത്താവളം 2 ആഫീസിൽ വച്ച് പ്രാഥമിക യോഗം ചേർന്നു. പഠന റിപ്പോർട്ടിലുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും തുടർന്ന് പദ്ധതിപ്രദേശം സന്ദർശിക്കുകയും ചെയ്തു. പദ്ധതി ബാധിതർ പൊതു വിചാരണയിൽ ഉന്നയിച്ച കാര്യങ്ങൾ സ്ഥല പരിശോധന നടത്തി മനസ്സിലാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ 14.11.2018-ാം തീയ്യതി ഉച്ചയ്ക്ക് ശേഷം 2 മണിക്ക് കണ്ണൂർ കലക്ട്രേറ്റിൽ ഈ സമിതി അന്തിമ യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തുകയും ചെയ്തു.

വിമാനത്താവളത്തിനു വേണ്ടി ഏറ്റെടുത്ത ഹെക്ടർ കണക്കിന് ഭൂമി ഇടിച്ചു നിരപ്പാക്കിയതിനാൽ വെള്ളത്തിന്റെ സ്വാഭാവിക നീരൊഴുക്കിന്റെ മാർഗ്ഗം മൂടപ്പെടുകയുണ്ടായി. അതിനാൽ മഴക്കാലത്ത് വെള്ളം കുത്തിയൊലിച്ച് ജനവാസ പ്രദേശങ്ങളിലും കാർഷിക ഭൂമിയിലും എത്തിച്ചേരുന്ന സ്ഥിതിയാണുള്ളത്. ഇത് മഴക്കാലത്ത് ഒരു സാമൂഹ്യ പ്രശ്നമായി മാറിയിട്ടുണ്ട്. അതുകൊണ്ടാണ് നിലവിലുള്ള തോടുകൾ വീതി കൂട്ടി വികസിപ്പിക്കേണ്ടി വന്നിട്ടുള്ളത്.

തലശ്ശേരി താലൂക്കിലെ കീഴല്ലൂർ വില്ലേജിൽപ്പെട്ട കൊതേരിയിൽ നിന്ന് ആരംഭിച്ച് എളംമ്പാറ, തെരൂർ, കാനാട്, കൊതേരി, കീഴല്ലൂർ എന്നീ ദേശങ്ങളിലൂടെ 8.കിലോ മീറ്ററോളം നീളത്തിൽ ഒഴുകി അഞ്ചരക്കണ്ടിപ്പുഴയിൽ അവസാനിക്കുന്ന 18-ാം നമ്പർ തോട് വികസിപ്പിക്കുന്നതിനു വേണ്ടി 7.0393 ഹെക്ടർ ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. പ്രസ്തുത തോട് നിർമ്മാണത്തിന് ഇപ്പോഴത്തെ പഠന റിപ്പോർട്ടിൻമേൽ പരാമർശിച്ച ഭൂമി കൂടി ആവശ്യമാണെന്ന് കണ്ടെത്തിയതിനാലാണ് ഇതു പ്രകാരം പഠന റിപ്പോർട്ട് നടത്തിയതും തുടർ നടപടികൾ സ്വീകരിച്ചു വരുന്നതും. കീഴല്ലൂർ വില്ലേജിലെ എളംമ്പാറ, തെരൂർ, കീഴല്ലൂർ, കാനാട് ദേശങ്ങളിലെ വിവിധ റി.സർവ്വെ നമ്പറുകളിലെ 0.1773 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നതെന്നാണ് പഠന റിപ്പോർട്ടിലുള്ളതെങ്കിലും 0.0040 ഹെക്ടർ ഭൂമി

നേരത്തെ ഏറ്റെടുത്തതിനാൽ ബാക്കി 0.1667 ഹെക്ടർ ഭൂമിയാണ് ഇപ്പോൾ ഏറ്റെടുക്കുന്നതെന്ന് കാണുന്നു.

സാമൂഹ്യാഘാത പഠന റിപ്പോർട്ടിൻ മേലുള്ള കാര്യങ്ങളും, സ്ഥല പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളും വിശകലനം ചെയ്ത് സമിതി താഴെ പറയുന്ന പ്രകാരം ശുപാർശകൾ സമർപ്പിക്കുന്നു.

1.ഈ ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യത്തിനു വേണ്ടി, അതായത് നിലവിലുള്ള തോടുകളുടെ വീകി കൂട്ടി സുഗമമായി വെള്ളമൊഴുക്കുന്നതിനു വേണ്ടിയാണ്.

2. 8 കി.മീറ്ററോളം നീളത്തിലുള്ള നിലവിലുള്ള തോട് ആവശ്യമായ സ്ഥലമേറ്റെടുത്ത് വീതികൂട്ടുകയല്ലാതെ പുതുതായി തോട് നിർമ്മിക്കേണ്ടതില്ല. ആയതിനാൽ ഈ ആവശ്യത്തിനു വേണ്ടി പകരം ഭൂമി കണ്ടെത്തേണ്ടതില്ല. നിർദ്ദിഷ്ട ഭൂമി മാത്രമേ ഏറ്റെടുക്കേണ്ടതുള്ളൂ എന്നും ആയത് ഏറ്റവും കുറഞ്ഞ അളവിലുമാണെന്ന് കാണുന്നു.

3. താമസ ഗൃഹങ്ങളൊന്നും ഈ ആവശ്യത്തിനുവേണ്ടി ഏറ്റെടുക്കേണ്ടതില്ല. ആയതിനാൽ കുടിയൊഴിപ്പിക്കലിന്റെയോ പുനരധിവാസത്തിന്റെയോ പ്രശ്നമില്ല.

4. പൊതു സമൂഹത്തിന്റെ ഉപയോഗത്തിലുള്ള കളി സ്ഥലങ്ങൾ ,ആരാധനാലയങ്ങൾ, അംഗവാടി,മേച്ചിൽ സ്ഥലങ്ങൾ എന്നിവ ഏറ്റെടുക്കുന്ന സ്ഥലത്തിൽ ഉൾപ്പെടാത്തതിനാൽ പൊതു ജനങ്ങൾക്ക് ഈ പദ്ധതി മൂലം ആഘാതങ്ങളില്ല.

5. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം തൊഴിലിനോ, കൃഷിക്കോ, പരിസ്ഥിതിക്കോ, വരുമാനത്തിനോ ആഘാതങ്ങളില്ലെന്ന പഠന റിപ്പോർട്ടിനോട് യോജിക്കുന്നു.

6. തോടിന്റെ ഇരു വശങ്ങളിലും താമസിക്കുന്നവരുടെ വീടുകളിലേക്കും, കൃഷി ഭൂമിയിലേക്കും പ്രവേശിക്കുന്നതിന് തോടിനു കുറുകെ സ്ലാബ് /നടപ്പാത ലഭ്യമാക്കണമെന്ന് ശുപാർശ ചെയ്യുന്നു.

7. തോടിൽ ലഭ്യമാകുന്ന വെള്ളം കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതിനായി തോടിന്റെ അടിഭാഗം കോൺക്രീറ്റ് ചെയ്യുന്നത് ഒഴിവാക്കിയും വെള്ളം കൃഷിക്ക് ലഭ്യമാക്കുന്ന തരത്തിലും തോട്ടിൽ ഇറങ്ങുന്നതിനും, കയറുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ വശങ്ങൾ ചെരിച്ച് സ്റ്റെപ്പുകളോടെ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകിരിക്കണമെന്ന് ശുപാർശ ചെയ്യുന്നു .യാതൊരു കാരണവശാലും എയർപോർട്ടിലുണ്ടാകുന്ന മലിന ജലം തോടിൽ കൂടി ഒഴുക്കി വിടരുതെന്ന് ശുപാർശ ചെയ്യുന്നു. ഒഴുക്കി വിടുകയാണെങ്കിൽ പതിനായിരക്കണക്കിന് ജനങ്ങളുടെ ജീവിതം ദുസ്സഹമായിരിക്കും. മലിന ജലസംസ്കരണത്തിന് എയർപോർട്ടിൽ തന്നെ ആധുനിക രീതിയിലുള്ള സീവേജ് പ്ലാന്റ് സ്ഥാപിക്കേണ്ടതാണ്.

മേൽപറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ യാതൊരു സാമൂഹ്യപ്രത്യാഘാതങ്ങളും സൃഷ്ടിക്കാത്ത നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ ഉടൻ നടപ്പിലാക്കാവുന്നതാണെന്ന് ഈ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

എം.രാജൻ
പ്രസിഡണ്ട്
കീഴല്ലൂർ ഗ്രാമ പഞ്ചായത്ത്

പി.അനില
വൈസ്പ്രസിഡണ്ട്
കീഴല്ലൂർ ഗ്രാമ പഞ്ചായത്ത്

കെ.വി ഗംഗാധരൻ
അഡ്വൈസർ(എൽ.എം)
കിൻഫ്ര, മട്ടന്നൂർ

ജിജി.കെ
സാമൂഹ്യ ശാസ്ത്രജ്ഞ

രാജൻ.പി
റിട്ട.ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗ്ധൻ

മുരളീധരൻ.സി.എം
റിട്ട.ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗ്ധൻ

ഗോപി.എം
സാമൂഹ്യ ശാസ്ത്രജ്ഞൻ
ചെയർമാൻ ,വിദഗ്ധ സമിതി